ctabudarr@gmail.com



അബൂദർറ് എടയൂർ

# ഈമാനുണ്ടോ, അമാനത്തുണ്ട്

عَنْ أَنَسِ بْنِ مَالِكِ رضي اللَّه عنه قَالَ: مَا خَطَبَنَا نَبِيُّ اللهِ ﷺ إلاّ قَالَ: لا إِيمَانَ لِمَنْ لا أَمَانَةَ لَهُ ، وَلاَ دِينَ لِمَنْ لاَ عَهْدَ لَهُ

**അനസുബ്നു മാലികി(റ)ൽ നിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു: 'അമാനത്തുകൾ സൂക്ഷിക്കാൻ കഴിയാത്തവന് വിശ്വാസമില്ല, വാഗ്ദാനങ്ങൾ പാലിക്കാത്തവന് ദീനുമില്ല' എന്ന് പറയാതെ പ്രവാചകൻ(സ) ഞങ്ങളോട് പ്രഭാഷണം നടത്തിയിട്ടില്ല (അഹ്മദ്).**

സത്യസന്ധതയും വിശ്വസ്തതയും ഉത്തരവാദിത്ത ബോധവും ഒത്തുചേരുന്ന ഒന്നാണ് അമാനത്ത്. അത് മുസ്‌ലിമിന്റെ മുഖമുദ്രയാണ്. അതിന്റെ അഭാവത്തിൽ ഈമാനുണ്ടെന്ന വാദം അപ്രസക്തമാണ്. മനുഷ്യർ തമ്മിലുള്ള ജീവിത ഇടപാടുകൾ ശരിപ്പെടുത്തുന്നതിൽ വിശ്വസ്തതക്കുള്ള പ്രാധാന്യം വളരെ വലുതാണല്ലോ. മറ്റുള്ളവർക്ക് കൊടുക്കേണ്ടതായ വല്ല അവകാശങ്ങളോ ബാധ്യതകളോ നമ്മുടെ പക്കൽ ഉണ്ടെങ്കിൽ അവ യഥാവിധി നിറവേറ്റുക, അന്യന്റെ വല്ല രഹസ്യവും നമ്മെ സൂക്ഷിക്കാൻ ഏൽപിച്ചിട്ടുണ്ടെങ്കിൽ അത് മറച്ചുവെക്കുക, നമ്മോട് കൂടിയാലോചന നടത്തുന്നവർക്ക് ഗുണകാംക്ഷയോടെ അഭിപ്രായങ്ങൾ പറഞ്ഞുകൊടുക്കാൻ ശ്രമിക്കുക, പരസ്യപ്പെടുത്താൻ പാടില്ലാത്ത വിവരങ്ങൾ രഹസ്യമാക്കിത്തന്നെ സൂക്ഷിക്കുക, തൊഴിലാളി താൻ കരാറെടുത്ത ജോലി നിശ്ചിത നിബന്ധനയനുസരിച്ച് ഉത്തരവാദിത്തത്തോടെ നിർവഹിക്കുക തുടങ്ങിയവയെല്ലാം വിശ്വസ്തതയുടെ ഭാഗമാണ്.

അമാനത്തിന്റെ ഒരു അർഥം വിശ്വാസയോഗ്യനാവുക എന്നാണ്. ഓരോ മുസ്‌ലിമും അമീൻ(വിശ്വസ്തൻ) ആയിരിക്കണമെന്ന് ഇസ്‌ലാം നിർദേശിക്കുന്നു. പ്രവാചകത്വം ലഭിക്കുന്നതിന് മുമ്പ് തന്നെ മുഹമ്മദ് നബി(സ) അൽഅമീൻ എന്നാണല്ലോ അറിയപ്പെട്ടിരുന്നത്. ഓരോ പ്രവാചകനും ആമുഖമായി തന്റെ സമൂഹത്തോട് പറഞ്ഞ പ്രധാന കാര്യമായി ഖുർആൻ എടുത്തുദ്ധരിക്കുന്ന ഒരു വാചകമാണ് *ഇന്നീ ലകും റസൂലുൻ അമീൻ* എന്നത്. എന്നെ നിങ്ങൾക്ക് വിശ്വസിക്കാം എന്നർഥം.

അമാനത്തിന്റെ മറ്റൊരു ആശയം ഓരോന്നിനും അനുയോജ്യവും അർഹവുമായ സ്ഥാനം നൽകുക എന്നാണ്. ഒരു ഉദ്യോഗമോ പദവിയോ അത് അർഹിക്കുന്നവർക്ക് മാത്രമേ നൽകാവൂ. ഉത്തരവാദിത്തം നിർവഹിക്കാൻ അയാൾ തികച്ചും യോഗ്യനാവണം. ഏൽപിക്കപ്പെടുന്ന അമാനത്തിനോട് നീതി ചെയ്യാൻ ശേഷിയുണ്ടാവണം. ഭരണച്ചുമതലകളും സംഘടനയുടെയും സ്ഥാപനത്തിന്റെയും മറ്റും നേതൃപദവിയും അമാനത്തുകളാണ്.

അമാനത്തുകൾ പാലിക്കുന്നവർ എന്നത് പരലോകവിജയം വരിക്കുന്ന വിശ്വാസികളുടെ ഒരു വിശേഷണമായി ഖുർആൻ പഠിപ്പിക്കുന്നു. അമാനത്ത് (വിശ്വസ്തത) വിനഷ്ടമാവാതിരിക്കാൻ അങ്ങേയറ്റം ജാഗ്രത പാലിക്കണമെന്നും ഇല്ലായെങ്കിൽ കാലക്രമേണ അതില്ലാതാവുമെന്നും ഒന്ന് ഉറങ്ങിയെഴുന്നേൽക്കുമ്പോഴേക്കും സംഗതികൾ മാറിമറിഞ്ഞിട്ടുണ്ടാവുമെന്നും പ്രവാചകൻ മുന്നറിയിപ്പുനൽകുന്നത് ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ച ഹദീസിൽ കാണാം.

ഹുദൈഫ(റ) നിവേദനം ചെയ്യുന്നു: "നബി(സ) ഞങ്ങളോട് രണ്ട് കാര്യങ്ങൾ പ്രവചിച്ചു. അവയിൽ ഒന്ന് ഞാൻ നേരിൽ കണ്ടു. മറ്റേത് പ്രതീക്ഷിച്ചിരിക്കുകയാണ്. അവിടുന്ന് ഇതാണ് ഞങ്ങളോട് പറഞ്ഞത്: 'അമാനത്ത് ജനഹൃദയങ്ങളുടെ അടിത്തട്ടിൽ അവതരിച്ചു(മനുഷ്യമനസ്സിൽ അന്തർലീനമാണ്). പിന്നെ ഖുർആൻ അവതരിച്ചു. അവർ ഖുർആനിൽ നിന്നും സുന്നത്തിൽ നിന്നും (അതുസംബന്ധമായ)കാര്യങ്ങൾ മനസ്സിലാക്കി'. പിന്നെ അമാനത്ത് ഉയർത്തപ്പെടുന്നതിനെ കുറിച്ച് അവിടുന്ന് ഞങ്ങളോട് പറഞ്ഞു: 'ഒരാൾ ഉറങ്ങുമ്പോഴായിരിക്കും അയാളുടെ ഹൃദയത്തിൽ നിന്ന് അമാനത്തിനെ പിടികൂടുക. അമാനത്തിന്റെ നിറം മങ്ങിയ അടയാളം മാത്രം ബാക്കിയാവും. വീണ്ടും അയാൾ ഉറങ്ങും. അപ്പോഴും അയാളുടെ ഹൃദയത്തിൽ നിന്ന് (ബാക്കിയുള്ള)അമാനത്തിനെ പിടിക്കും. പിന്നെ ഒരു കുമിള മാത്രമേ ശേഷിക്കൂ. ഒരു തീക്കനലെടുത്ത് കാലിൽ ഉരുട്ടിയാൽ പൊള്ളലേറ്റ് ഉണ്ടാവുന്ന കുമിള പോലെ. അത് വീർത്തിരിക്കുന്നതായി നിനക്ക് കാണാം. എന്നാൽ അതിനകത്ത് ഒന്നുമുണ്ടാകില്ല'. അനന്തരം പ്രവാചകൻ ഒരു ചരൽക്കല്ലെടുത്ത് തന്റെ കാലിൽ ഉരുട്ടി. എന്നിട്ട് തുടർന്നു: "ജനം ക്രയവിക്രയത്തിൽ ഏർപ്പെടുമ്പോൾ അവരിൽ ഒരാളും വിശ്വസ്തത പുലർത്തുന്നവരായി ഉണ്ടാവുകയില്ല. എത്രത്തോളമെന്നാൽ ഇന്ന കുടുംബത്തിൽ ഒരു വിശ്വസ്തനുണ്ടെന്ന് ആളുകൾ പറയാൻ തുടങ്ങും. മറ്റൊരാളെപ്പറ്റി എത്ര ക്ഷമയുള്ളവൻ, എത്ര സമർഥൻ, എത്ര ബുദ്ധിമാൻ എന്നൊക്കെ പറയപ്പെടും. പക്ഷേ അയാളുടെ ഹൃദയത്തിൽ ഒരു കടുക് മണിത്തൂക്കം പോലും ഈമാൻ ഉണ്ടാവുകയില്ല."

ചതിയും വഞ്ചനയും അഴിമതിയും പിടിച്ചുപറിയുമെല്ലാം നാടുവാഴുന്ന ഒരു കാലഘട്ടമുണ്ടാവുമെന്നും അന്ന് വിശ്വസ്തരായ ആളുകൾ ഉണ്ടെന്ന് കേൾക്കുന്നത് തന്നെ ഒരു അദ്ഭുത വാർത്തയായിരിക്കുമെന്നും കൊള്ളാവുന്നവർ എന്ന് ജനം വിചാരിക്കുന്നവരിൽ പലരുടെയും ഉള്ള് പൊള്ളയായിരിക്കുമെന്നും അവർ വെറും ബലൂണുകൾ പോലെയായിരിക്കുമെന്നും അതിനാൽ അമാനത്ത് സംരക്ഷിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്നും ഇതിലൂടെ പ്രവാചകൻ ഉണർത്തുന്നു.

ഉദ്യോഗങ്ങളും അധികാരങ്ങളും തോന്നിയപോലെ വീതിച്ചെടുക്കൽ, വിശ്വാസയോഗ്യരായ വ്യക്തികളെ തഴഞ്ഞ് പകരം അയോഗ്യരും അനർഹരും നിയമിക്കപ്പെടൽ, വിശ്വസ്തർ വഞ്ചകരെന്നും വഞ്ചകർ വിശ്വസ്തരെന്നും മുദ്രകുത്തപ്പെടൽ, ആരെയും വിശ്വസിക്കാൻ പറ്റാത്ത അവസ്ഥയുണ്ടാവൽ തുടങ്ങിയവയെല്ലാം അമാനത്തിന് സ്ഥാനം നഷ്ടപ്പെടുന്നതിന്റെ അടയാളങ്ങളാണ്. ■